മിസ്റ്റർ സി. ജെ. മാത്യു: രണ്ടു വലിയ ആശുപത്രിസൂപ്രണ്ടുമാരോട് ഗവർമ്മെൻറ അഭിപ്രായം ചോദിച്ചു. അവരെല്ലാവരും ഇവർക്ക് വിവാഹം പാടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്.

മിസ്റ്റർ പി. ജെ. ചിറയത്ത്: വേറെ വല്ല രാജ്യത്തും നെഴ്സുമാർക്ക് വിവാഹം അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: അടുത്ത രാജ്യങ്ങളിലില്ല.

മിസ്റ്റർ പി. ആർ. കുഞ്ഞനെഴുത്തശ്ശൻ: ഏതു വിദഗ്ധന്മാരോട് അഭിപ്രായം ചോദിച്ചിട്ടുണ്ട്?

മിസ്റ്റർ സി. ജെ. മാത്യു: രണ്ടു മൂന്നു പേരോട് ചോദിച്ചിട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഞാതൊക്കെയാണാ?

Mr. C. J. Mathew *(Joint Secretary to Government)*: Sir, may I read out the information obtained from the Chief Medical Officer from Medical Authorities that the policy of having married nurses.....

Mr. V. R. Krishnan Ezhuthassan *(Urakam)*: I want only the name of experts.

Mr. President: Order, order. I suggest that it is wiser not to ask for names.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: On whose opinion it is held or who are the experts who have opined that it is the better course. We want to know the names.

Mr. President: I do not change my view. If the Hon'ble Members insist they may have the names. But I would advise them against insistence.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: നഴ്സുമാർക്ക് മറ്റുള്ള സ്ത്രീകളെപ്പോലെ ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച് ജീവിതസുഖങ്ങൾ അനുഭവിക്കുവാനുള്ള മനുഷ്യത്വം ഇവിടുത്തെ ഗവർമ്മെൻറിനുണ്ടോ എന്നാണോ അഭിപ്രായം? (ചിരി).

മിസ്റ്റർ സി. ജെ. മാത്യു: അങ്ങിനെയുള്ള അഭിപ്രായമുള്ള സ്ത്രീകളെ ഈ ജോലിക്കു വരണമെന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്: അവർക്ക് ജോലിചെയ്യുന്നതിനു പ്രത്യേക വ്യവസ്ഥകളില്ലേ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്. അവർക്ക് നൈറ്റ് ഡ്യൂട്ടിയുണ്ട്.

മിസ്റ്റർ പി. ടി ജേക്കബ്: വിവാഹം കഴിച്ചിട്ടുള്ള സ്ത്രീഡാക്ടർമാർക്ക നൈറ്റ് ഡ്യൂട്ടിയുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു: ഉണ്ട്.

മിസ്റ്റർ പി. ടി. ജേക്കബ്: സ്ത്രീ ഡാക്ടർമാരും പുരുഷന്മാരും തമ്മിൽ എന്താണ് വ്യത്യാസം?

മിസ്റ്റർ സി. ജെ. മാത്യു: ഡാക്ടർമാരുടെ വർക്കും പുരുഷന്മാരുടെ വർക്കും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

LABOUR UNIONS IN THE STATE

൭൫. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവർമ്മെണ്ട് സദയം മറുപടിപറയുമോ.—

(എ) കൊച്ചിരാജ്യത്തു ആകെ എത്ര തൊഴിൽ സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവകൾ ഏതെല്ലാം,

(ബി) അവകൾ ഏതൊക്കെ താലൂക്കിലാണ്,

(സി) ഈ മാസം തൊഴിലാളി സംഘടനകൾ രജിസ്റ്റർ ചെയ്തു എന്നാണ്?

മിസ്റ്റർ സി. ജെ. മാത്യു:

(എ), (ബി) & (സി) എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പട്ടിക ഞാനിതോടൊപ്പം ചേർത്തിരിക്കുന്നു. *(Please see Appendix)*

X-RAY APPARATUS

73. Miss Anie Joseph *(Trichur-Women)*: Will Government be pleased to state.—

(*a*) why was the X-ray apparatus that was in the Civil Hospital removed from there;

(*b*) where was it removed and what happend to it?

LIBRARY ARCHIVES Kerala Legislative Assembly

Mr. C. J. Mathew *(Joint Secretary to Governmet)*:

(*a*) There is at present an X-ray apparatus in the Trichur Civil Hospital. One mobile unit was removed from there as it was found that it was needed more in the General Hospital.

(*b*) It was removed to General Hospital, where it is in frequent use.

മിസ്സ് അനിജോസഫ്: സിവിലാശുപത്രിയിൽ ഏതു ഡെക്ഷനിലാണ് X-ray ഉള്ളത്?

മിസ്റ്റർ സി. ജെ. മാത്യു: ടി. ബി. സെക്ഷനിലാണ്.

മിസ്സ് അനിജോസഫ്: ടി. ബി. സെക്ഷനിലേക്കു സാധാരണ ആളുകൾ പോകുമൊ?

മിസ്റ്റർ സി. ജെ. മാത്യു: എല്ലാവക്കും പോകാം. അതു ഉപയോഗിക്കുന്നതിനു എല്ലാവരേയും അനുവദിക്കണമെന്നു് ആഗ്രഹമുണ്ട്.

മിസ്സ് അനിജോസഫ്: ടി. ബി. ക്കു ഉപയോഗിക്കുന്ന X-ray ഉപയോഗിക്കുന്നതിനു് സാധാരണക്കാക്കു സന്തോഷമുണ്ടാകയില്ലെന്നു ഗവണ്മെണ്ടിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു: സന്തോഷക്കേടുണ്ടാകേണ്ട ആവശ്യമില്ല.

മിസ്റ്റർ പി. മാണി: ലോകത്തിൽ എല്ലാസ്ഥലങ്ങളിലും ടി. ബി. ആശുപത്രി മറ്റു ആശുപത്രിയുടെ വളരെ ദൂരെയാണു് നടത്തുന്നതെന്നു് ഗവണ്മെൻറിനറിയാമൊ?

മിസ്റ്റർ സി. ജെ. മാത്യു: ഇതു് ആശുപത്രിയല്ല; ക്ലിനിക്കാണു്.

SUPERINTENDENT OF REGISTRATION—QUALIFICATIONS FOR

൭൪. മിസ്റ്റർ ടി. കെ എൽ. കുഞ്ഞുവറീതു്: താഴെ പായുന്ന പോദ്യങ്ങൾക്കു ഗവണ്മെണ്ടു് ദയവു പറപടി പറയുമോ?

(എ) റജിസ്ട്രേഷൻ ആൻറ് അഞ്ചൽ സിപ്പാർട്ടുമെണ്ടുകൾ എന്നാണു് കൂട്ടിചേർത്തതു്;

(ബി) റജിസ്ട്രേഷൻ സൂപ്രണ്ടു് ഒരു ലൊ ഗ്രാഡുവെറ്റായിട്ടല്ലെ പതിവു്;

(സി) അതു വേണ്ടന്നു വെക്കുവാൻ കാരണമെന്താണു്;

(ഡി) കമ്പനി നിയമങ്ങളുടേയും മറ്റും പ്രവർത്തനം നടത്തേണ്ടതിലേക്കു ഒരു നിയമജ്ഞനല്ലെ വേണ്ടതു്?

മിസ്റ്റർ കെ. എസ്സു്. രാഘവൻ:

(എ) ൧൯൪൫ മിനത്തിൽ.

(ബി) അല്ല. ഗ്രാഡുവെറ്റുകളും റജിസ്ട്രേഷൻ സൂപ്രണ്ടുമാരായി ഇരുന്നിട്ടുണ്ടു്.

(സി) ഉത്തരം ആവശ്യമില്ല.

(ഡി) ഒരു ലൊ ഗ്രാഡുവെറ്റ് ആവശ്യമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഈ റജിസ്ട്രേഷൻ, ആപ്പീൽ, മുതലായ സംഗതികളൊക്കെ റജിസ്ട്രേഷൻ സൂപ്രണ്ടല്ലെ അന്വേഷിക്കുന്നതു്?

മിസ്റ്റർ കെ. എസ്സു്. രാഘവൻ: അതെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: കമ്പനീസ് ആക്ടു്, കറീസ് ആക്ടു് മുതലായ നിയമപ്രകാരം നടത്തുന്ന കാര്യങ്ങളും അദ്ദേഹമല്ലെ അന്വേഷിക്കേണ്ടതു്?

മിസ്റ്റർ കെ. എസ്സു്. രാഘവൻ: അതെ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: അപ്പോൾ നിയമപരിജ്ഞാനമില്ലാത്ത ആൾക്കു് അതു് സാധിക്കുമൊ?

മിസ്റ്റർ കെ. എസ്സു്. രാഘവൻ: സാധിക്കും.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: നിയമപരിജ്ഞാനമില്ലാത്ത ആളയാൽ നിയമപരമായ കാര്യങ്ങൾ നടത്തുവാൻ സാധിക്കുമൊ?

മിസ്റ്റർ കെ. എസ്സു്. രാഘവൻ: സാധിക്കും. ഈ നിയമം വായിച്ചു മനസ്സിലാക്കി വേണ്ടതുപോലെ ചെയ്യുവാനുള്ള സാമർത്ഥ്യമുണ്ടായാൽ മാത്രം മതി.

മിസ്റ്റർ കെ. എസ്സു് പണിക്കർ: അങ്ങിനെയാണെങ്കിൽ നിയമം പഠിക്കാത്ത ആളെ ജഡ്ജിയാക്കാമോ?

മിസ്റ്റർ കെ. എസ്സു്. രാഘവൻ: അതു പ്രയാസമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly